**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 79. — 04.06.2018 ൽ മറുപടിക്ക്

ഡേറ്റാ സെന്ററുകളുടെ ചുമതല

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

(എ) സംസ്ഥാനസർക്കാരിന്റെ വിവരങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്ന ഡേറ്റാ സെന്ററുകളുടെ ചുമതല 2012 മുതൽ നിർവ്വഹിച്ചു വന്നിരുന്ന പൊതുമേഖല സ്ഥാപനത്തെ ഒഴിവാക്കി സ്വകാര്യ കമ്പനിയെ ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; ഉണ്ടെങ്കിൽ ഏത് കമ്പനിയെ എന്ന് വ്യക്തമാക്കുമോ;

(എ) സർക്കാരിന്റെ കീഴിൽ രണ്ട് ഡാറ്റാ സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. കോ-ബാങ്ക് ടവേഴ്സിൽ പ്രവർത്തിക്കുന്ന ഡാറ്റാ സെന്റർ-1 ന്റെ നടത്തിപ്പ് ചുമതല 2012 മുതൽ കെൽട്രോണിനാണ്. ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ഡാറ്റാ സെന്റർ-2 ന്റെ പരിപാലനം 2011 മുതൽ സിഫി ടെക്നോളജീസാണ് നിർവ്വഹിച്ചുവരുന്നത്.

രണ്ട് ഡാറ്റാ സെന്ററുകളുടെയും ഓപ്പറേറ്റർമാരുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഭരണനിർവ്വഹണ സൗകര്യാർത്ഥമാണ് രണ്ട് ഡാറ്റാ സെന്ററുകൾക്കും കൂടി ഒരു പൊതു ഓപ്പറേറ്ററെ തെരഞ്ഞെടുക്കുവാൻ തീരുമാനിക്കുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തത്. കേന്ദ്ര സർക്കാർ ഏജൻസിയായ സി-ഡാക്കിന്റെ സഹായത്തോടുകൂടി തയ്യാറാക്കിയ റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ക്ഷണിച്ച ടെണ്ടറിൽ കെൽട്രോൺ, സിഫി ടെക്നോളജീസ്, വിപ്രോ ടെക്നോളജീസ് എന്നീ കമ്പനികൾ പങ്കെടുക്കുകയും സി-ഡാക് ടെണ്ടറിന്റെ സാങ്കേതിക മൂല്യ നിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ L1 ബിഡ്ഡറായ സിഫി ടെക്നോളജീസിനെ തെരഞ്ഞെടുക്കുകയുമുണ്ടായി.

(ബി) ലോകമെമ്പാടും സ്വകാര്യ കമ്പനികൾ ശേഖരിയ്ക്കുന്ന വിവരങ്ങൾ ചോരുന്നത് സംബന്ധിച്ച് വരുന്ന വാർത്തകളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണം സംബന്ധിച്ച രഹസ്യ സ്വഭാവമുള്ളതടക്കം എല്ലാ വിവരങ്ങളും ശേഖരിച്ചു വയ്ക്കുന്ന ഡേറ്റാ സെന്ററുകളുടെ നടത്തിപ്പ് സ്വകാര്യ കമ്പനിയെ ഏല്പിച്ചതിന്റെ ഔചിത്യവും വിശദാംശവും അറിയിക്കാമോ?

(ബി) വിവിധ സർക്കാർ വകുപ്പുകളുടെ വിവരശേഖരം ഡാറ്റാ സെന്ററിൽ സൂക്ഷിച്ചിരിക്കുന്നത് വിവരങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ISO മാനദണ്ഡപ്രകാരമുള്ള നൂതന സുരക്ഷാ സംവിധാനങ്ങളോടുകൂടിയാണ്. ഇതോടൊപ്പം സെക്യൂരിറ്റി ഓഡിറ്റ്, സർവൈലൻസ് ഓഡിറ്റ് എന്നിവ നിശ്ചിത ഇടവേളകളിൽ നടത്തി ഐ.ടി മിഷന് റിപ്പോർട്ട് സമർപ്പിച്ചുവരുന്നുണ്ട്. മാത്രമല്ല ടെക്നോപാർക്കിലെ സ്റ്റേറ്റ് ഡാറ്റാ സെന്റർ-2, 2011 മുതൽ പരിപാലിച്ചുവരുന്നത് സിഫി ടെക്നോളജീസാണ്. ഈ കാലയളവിൽ ഡാറ്റാ സെന്റർ-2 പ്രവർത്തനക്ഷമമല്ലാതിരിക്കുന്ന അവസരങ്ങളുണ്ടായിട്ടില്ല. കൂടാതെ ഡാറ്റാ സെന്ററിൽ സൂക്ഷിച്ചിരുന്ന വിവരങ്ങളുടെ സുരക്ഷ സംബന്ധിച്ച് ഇതുവരെ പരാതികളൊന്നും ഉയർന്നിട്ടില്ല.

സെക്ഷൻ ഓഫീസർ